**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **29-07-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ വാണിജ്യ മേഖലയ്ക്ക് സഹായ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചെറുകിട തൊഴിൽ സംരംഭങ്ങൾക്കും വാണിജ്യ മേഖലയ്ക്കും ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് വഴി കൈകാര്യം ചെയ്യുന്നത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരഭങ്ങളുടെ വിഷയങ്ങളാണ്. അത്തരം സംരഭങ്ങൾക്കായി കോവിഡ് രണ്ടാം തരംഗംത്തെത്തുടർന്നുള്ള പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി കോവിഡ് സമാശ്വാസപദ്ധതി എന്ന പേരിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ചെറുകിട വ്യവസായ വാണിജ്യ മേഖലകളിലെ മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ സർക്കാർ പ്രഖ്യാപിച്ച സഹായ പാക്കേജ് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരഭങ്ങളിലെ മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ, കോവിഡ്-19 സമാശ്വാസപദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസപാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസപദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നവയാണ്. 1) കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻ വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest subvention on term loan and working capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000/- രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും |

| | | | |
|---|---|---|---|
| | | | ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള MSME യൂണിറ്റുകൾ ആണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്. 2)നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപാദക മേഖലയിലുള്ള എല്ലാ സംരഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും. 3) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോയൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4) നിലവിൽ 5ലക്ഷം രൂപവരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. |
| (സി) | സർക്കാർ പ്രഖ്യാപിച്ച സഹായ പാക്കേജിന് ഫണ്ട് കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ്-19 സമാശ്വാസ പദ്ധതി പ്രകാരം സർക്കാർ ഇളവുകൾ പ്രഖ്യാപിച്ച വിവിധപദ്ധതികൾക്ക് 2021-22 വർഷം ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. ഫണ്ട് കൂടുതലായി ആവശ്യമാകുന്ന പക്ഷം റീഅപ്രോപ്രിയോഷൻ, അഡീഷണൽ ആതറൈസേഷൻ മുഖേനയോ ഫണ്ട് ലഭ്യമാക്കുന്നതാണ്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഇ.എസ്.എസ് പദ്ധതിയ്ക്കായി 25 കോടിയും നാനോ ഗ്രാന്റ്- പലിശയിളവ് പദ്ധതികൾക്കായി 15 കോടിയും അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സഹായ പാക്കേജ് വ്യവസായ ഭദ്രത പദ്ധതി പ്രകാരമുള്ള സഹായവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി ദുരിതാശ്വാസ പാക്കേജിൽ മുൻ വർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പദ്ധതിപ്രകാരമുള്ള പലിശയിളവ് പദ്ധതി സംയോജിപ്പിച്ചിട്ടുണ്ട്. മുൻ വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതിയിൽ (Scheme for interest subvention on term loan and Working capital Loan) കൂടുതൽ ഇളവുകൾ |

| | | | |
|---|---|---|---|
| | | | പുതിയ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് നിലവിൽ പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. നിലവിൽ ഇത് 6 മാസത്തേയ്ക്ക് (പരമാവധി 60,000/- രൂപ വരെ) മാത്രമായിരുന്നു. പുതിയ പാക്കേജ് പ്രകാരം പരമാവധി യൂണിറ്റിന് 1,20,000/- രൂപ വരെ സഹായം അനുവദിക്കും. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ആണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ